(ബി) താഴെ പറയുന്ന സർവ്വീസ് ചട്ടങ്ങളാണ് പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്.

1. കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 60
2. കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 156
3. കേരള സർവ്വീസ് റൂൾസ് ഭാഗം I അനുബന്ധം VII, സെക്ഷൻ II; ചട്ടം 19 ബി & 20 എ.
4. കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 91 (എ)
5. കേരള സർവ്വീസ് റൂൾസ് ഭാഗം III-ലെ വിവിധ ചട്ടങ്ങൾ
6. കേരള ട്രഷറി കോഡിലെ വിവിധ ചട്ടങ്ങൾ
7. സർക്കാർ ജീനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ

(സി&ഡി) സേവന അവകാശ നിയമത്തിന്റെയും കേരള പബ്ലിക് സർവ്വീസസ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സേവന ചട്ടങ്ങളുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യത്യസ്തമായതിനാൽ സേവനാവകാശ നിയമത്തിലെ വ്യവസ്ഥകൾ സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണത്തിൽ ഉൾപ്പെടുത്തുന്നത് പ്രായോഗികമല്ല.

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം

28 (4356) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ നടപ്പാക്കിയ ഇ-ഓഫീസ് സംവിധാനത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ചുള്ള വിവരം നൽകുമോ ;

(സി) പ്രസ്തുത സംവിധാനത്തിലൂടെ പ്രോസസ് ചെയ്യുന്ന, ഓരോ നിയോജക മണ്ഡലത്തിലെയും പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളുടെ വിവരം ജനപ്രതിനിധികൾക്കുകൂടി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ പിൻതുടരുന്ന ഓഫീസ് മാന്വൽ അനുസരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയർ ആയ ഇ-ഓഫീസ് സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ ചില പ്രയാസങ്ങൾ തുടക്കത്തിൽ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്വൽ സമ്പ്രദായത്തിൽ നിന്നും ഇലക്ട്രോണിക്സ് സമ്പ്രദായത്തിലേക്ക് മാറുമ്പോഴുണ്ടാകുന്ന സ്വാഭാവിക ബുദ്ധിമുട്ടുകളാണ് ഇതിൽ കൂടുതലും. ഇ-ഓഫീസ് കൈകാര്യം ചെയ്യുമ്പോൾ ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഹാൻഡ് ഹോൾഡ് സപ്പോർട്ട് സ്റ്റാഫിന്റെ സേവനം നൽകി വരുന്നു.

(സി) പൊതുജനങ്ങൾക്ക് ഫയലിന്റെ തൽസ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാകുന്ന സിറ്റിസൺ ഇന്റർഫേസ്, ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ http://eoffice.kerala.gov.in എന്ന യു.ആർ.എൽ. മുഖാന്തിരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഇത് ലഭ്യമാകുന്നതാണ്.

മന്ത്രിമാരുടെ വിദേശ സന്ദർശനങ്ങൾ

29 (4357) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നടത്തിയ ഓരോ വിദേശ യാത്രകളുടെയും ഉദ്ദേശ്യമെന്തായിരുന്നെന്നും ഇതുമൂലം സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങളുണ്ടായെന്നും വിശദമാക്കാമോ ?

ഉത്തരം

ഔദ്യോഗികവും അനൗദ്യോഗികവുമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും മന്ത്രിമാരും വിദേശയാത്രകൾ നടത്തിയിട്ടുണ്ട്. ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ വികസനക്ഷേമ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ വിദേശരാജ്യങ്ങൾ പിൻതുടരുന്ന സമ്പ്രദായങ്ങൾ മനസ്സിലാക്കുന്നതിനും അവ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും വിദേശയാത്രകൾ സഹായകമായിട്ടുണ്ട്.

മന്ത്രിമാരുടെ ഡൽഹി സന്ദർശനം

30 (4358) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും, ഓരോ മന്ത്രിമാരും എത്ര തവണ വീതം ഡൽഹി സന്ദർശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly